# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ നടപടി</u>

1664 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
എക്സൈസും തുറമുഖവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യഷാപ്പുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ തുടരുന്നതിനും പഞ്ചായത്തുകളുടെ അനുമതി വേണമെന്ന നിയമം കൊണ്ട് വരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഓണാഘോഷം മദ്യവിമുക്തമാക്കുന്നതിന്
സ്വീകരിച്ച നടപടികൾ

1665 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓണാഘോഷം ലഹരി രഹിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്;

(ബി) ഇപ്രകാരം ആവിഷ്ക്കരിച്ച് നടപ്പാക്കിയ പരിപാടികൾ ലക്ഷ്യപ്രാപ്തിയിലെത്തിയെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇത്തരം പരിപാടികൾ മറ്റ് ആഘോഷവേളകളിലും ഊർജ്ജിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആഘോഷകാലങ്ങളിൽ മാത്രം അല്ലാതെ എപ്പോഴും ഈ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്ത് നടപ്പാക്കാൻ ജാഗ്രത പാലിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന ശാലകൾ

1666 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന ശാലകൾ ദേവാലയങ്ങൾക്കും പൊതു ജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിൻമേൽ തീർപ്പു കൽപ്പിച്ച് ഏതെങ്കിലും വിൽപ്പന ശാലകൾ മാറ്റാൻ ഉത്തരവായിട്ടുണ്ടോ ;

(സി) ഇത്തരം പരാതികൾ പരിഹരിക്കപ്പെടാതെ ബിവറേജസ് കോർപ്പറേഷനിൽ കെട്ടിക്കിടപ്പുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യനയം</u>

1667 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ പാകത്തിലുള്ള മദ്യനയം 100 ദിവസത്തിനുള്ളിൽ പ്രഖ്യാപിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ഇതുമൂലം മദ്യത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ടോ;

(സി) 100 ദിവസത്തിനുള്ളിൽ 140 ലഹരിവിരുദ്ധ ക്ലബ്ബുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും തുടങ്ങുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയോ;

(ഡി) എങ്കിൽ ഏതൊക്കെ മണ്ഡലങ്ങളിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് നിലവിൽ വന്നിട്ടുളളത് ;

(ഇ) ഇവയുടെ ഘടനയും, സ്വഭാവവും, പ്രവർത്തനരീതിയും വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

മദ്യസാമ്പിളുകൾ

1668 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഷോപ്പുകളിൽ നിന്നും ബാറുകളിൽ നിന്നും ശേഖരിക്കുന്ന മദ്യസാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കാതെ എക്സൈസ് ഓഫീസുകളിൽ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് വർഷം മുതൽ മദ്യസാമ്പിളുകൾ കെട്ടികിടുക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്

1669 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ഏപ്രിൽ 1 മുതൽ സെപ്തംബർ 15 വരെയും, 2011 ഏപ്രിൽ 1 മുതൽ സെപ്തംബർ 15 വരെയുമുള്ള ദിവസങ്ങളിൽ ബിവറേജസ് കോർപറേഷൻ വഴി വിറ്റഴിച്ച മദ്യത്തിന്റെ വിറ്റുവരവ് എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) മദ്യത്തിന്റെ ഉപഭോഗം കുറക്കുന്നതിന് മദ്യ വർജനസമിതികൾക്ക് 2 കോടി രൂപ ധനസഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വ്യാജമദ്യം/സ്പിരിറ്റ് കേസുകള്‍</u>

1670 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യാജമദ്യം /വ്യാജ സ്പിരിറ്റ്, മറ്റ് ലഹരി പദാര്‍ത്ഥങ്ങള്‍ എന്നിവ ഫലപ്രദമായി തടയുവാന്‍ കഴിഞ്ഞതുകൊണ്ടാണ് സംസ്ഥാനത്ത് ബിവറേജസ് കോര്‍പ്പറേഷന്‍ വഴിയുളള മദ്യ വില്പന വര്‍ദ്ധിപ്പിക്കുവാന്‍ കാരണമായത് എന്ന് സര്‍ക്കാര്‍ കരുതുന്നുണ്ടോ;

(ബി) വ്യാജമദ്യം/വ്യാജ സ്പിരിറ്റ് സംബന്ധിച്ച് ഈ ഓണക്കാലത്ത് എത്ര കേസുകള്‍ എടുത്തു എന്ന് വ്യക്തമാക്കാമോ; ഇത് കഴിഞ്ഞ വര്‍ഷത്തേക്കാള്‍ എത്ര ശതമാനം വ്യത്യാസമുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വ്യാജമദ്യ വിതരണം തടയുന്നതിന് പോലീസ് എക്സൈസ് സംയുക്തനടപടി</u>

1671 ശ്രീ. ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യാജ കള്ള്/മദ്യം എന്നിവയുടെ ഉല്പാദനം, വിപണനം എന്നിവ തടയുന്നതിന് പോലീസും എക്സൈസ് വകുപ്പും സംയുക്തമായി പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് നടപടികൾ എടുക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പുതിയ എക്സൈസ് നയം</u>

1672 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മുന്‍ ഗവണ്‍മെന്റിന്റെ എക്സൈസ് നയത്തില്‍ നിന്നും വ്യത്യസ്ഥമായി എത്രമാത്രം ജനനന്മ ഉറപ്പുവരുത്തുന്നതാണ് പുതിയ എക്സൈസ് നയം എന്ന് വിശദാംശങ്ങള്‍ സഹിതം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മദ്യനയവും അബ്കാരിനിയമ ഭേദഗതിയും</u>

1673 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയത്തിൽ മദ്യാസക്തി കുറച്ചുകൊണ്ടുവരുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പുതിയ മദ്യനയം നടപ്പിലാക്കുമ്പോൾ നിലവിലുള്ള അബ്കാരി നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ നടപടി</u>

1674 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഓണക്കാലത്തെ മദ്യവില്പന

1675

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഏറ്റവും കൂടുതൽ മദ്യവില്പന നടന്ന ജില്ല ഏതാണ്;

(ബി) ഔട്ട്ലെറ്റ് ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) മുൻവർഷത്തെ അപേക്ഷിച്ച് മദ്യവില്പനയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഓണക്കാലത്തെ മദ്യവില്പന</u>

1676 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് എത്ര രൂപയുടെ വിദേശ മദ്യമാണ് സംസ്ഥാനത്ത് ഔദ്യോഗിക ഏജന്‍സികള്‍വഴി വില്പന നടത്തിയിട്ടുള്ളത്;

(ബി) ഇതു കഴിഞ്ഞ വര്‍ഷത്തെ ഇതേ കാലയളവിലെ വില്പനയേക്കാള്‍ കൂടുതലാണോ ;

(സി) എത്ര കോടിയുടെ വര്‍ദ്ധനവ് ഉണ്ടായി എന്നു വ്യക്തമാക്കാമോ ;

(ഡി) ഈവര്‍ദ്ധനവ് നിയന്ത്രിക്കുവാന്‍ എന്തെങ്കിലും നടപടികള്‍ സര്‍ക്കാര്‍ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>എക്സൈസ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം</u>

1677 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി, പേരാവൂർ എക്സൈസ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>വ്യാജ വിദേശമദ്യ വില്പന</u>

1678 ശ്രീ.ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ വ്യാജ വിദേശമദ്യം അനധികൃതമായി വിൽപന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ എക്സൈസ് സ്റ്റാഫിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് സർക്കാരിന് ബാദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാജ വിദേശമദ്യവിൽപന തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>എക്സൈസ് കുറ്റാന്വേഷണ വിഭാഗം</u>

1679

ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന അബ്കാരി കുറ്റകൃത്യങ്ങളുടെ ശരാശരി എണ്ണം വ്യക്തമാക്കുമോ;

(ബി) അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി എക്സൈസ് വകുപ്പിൽ പ്രത്യേക കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എങ്കിൽ സംസ്ഥാനത്തെ എല്ലാ എക്സൈസ് മേഖലകളിലും ഈ വിഭാഗത്തിന്റെ പ്രവർത്തനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>നീര ഉൽപ്പാദനം</u>

1680

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്ന് നീര ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിന് നടപടി</u>

1681 ശ്രീ. വി.ഡി. സതീശൻ
,, പാലോട് രവി
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗത്തിൽ കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) 2010-ൽ കേരളത്തിൽ മദ്യവില്പനയിലൂടെ നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യഉപഭോഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ പ്രചാരണം</u>

1682 ശ്രീ.പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
,, എളമരം കരീം
,, സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവിരുദ്ധ പ്രചാരണങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന എത്ര കോടിയെന്ന് വിശദമാക്കാമോ ; ഉത്രാടം നാളിൽ മാത്രം എന്തു തുകയുടെ മദ്യം വില്ക്കുകയുണ്ടായി ;

(സി) മുൻവർഷം ഇതേ കാലയളവിൽ മദ്യവില്പന എത്രയായിരുന്നു; മദ്യത്തിൽ നിന്നുള്ള വരുമാനം മുൻവർഷത്തേതിൽ നിന്നും എത്ര ശതമാനം കൂടുതലാണ് ഈ വർഷം സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഡി) ഈ വർഷം ഇതിനകം മദ്യ നികുതി ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട് ;

(ഇ) നികുതി വെട്ടിച്ചും കള്ളവാറ്റ് വഴിയും ഉള്ള മദ്യവില്പന ഇപ്പോൾ സംസ്ഥാനത്ത് നടന്നുവരുന്നതായി സർക്കാരിനറിയാമോ ;

(എഫ്) മദ്യം കഴിക്കുന്നവർക്ക് അംഗീകൃത മദ്യം മാത്രം ലഭ്യമാക്കുക എന്ന നയം സർക്കാരിനുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ലഹരിവസ്തുക്കളുടെ ഉപഭോഗം സംബന്ധിച്ച കേസുകൾ</u>

1683 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗം സംബന്ധിച്ച് വൈപ്പിൻ മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തക്കരിപ്പൂർ മണ്ഡലത്തിലെ എക്സൈസ് കോംപ്ലക്സ്</u>

1684 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഉടുമ്പൻചോല എക്സൈസ് റേഞ്ച് ഓഫീസ്</u>

1685 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഉടുമ്പൻചോല എക്സൈസ് റേഞ്ച് ഓഫീസ് മഴക്കാലത്ത് ചോർന്നൊലിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടത്തിന്റെ ചോർച്ച തടയുന്നതിനും തൊണ്ടി മുതലുകൾ സൂക്ഷിക്കുന്നതിനുമായി ഈ കെട്ടിടത്തിനു മുകളിൽ ഒരു മേൽക്കൂര അടിയന്തിരമായി നിർമ്മിച്ചുകൊടുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ഡി) കമ്പംമുട്ടിലും, ബോഡിമെട്ടിലും എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾക്കായി ഓഫീസ് കെട്ടിടം നിലവിലുണ്ടോ;

(ഇ) കമ്പംമെട്ടിലെയും ബോഡിമെട്ടിലെയും ചെക്ക്പോസ്റ്റുകളുടെ ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുവരെ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരായ ബോധവല്ക്കരണം

1686

ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതിനെതിരെ ബോധവല്ക്കരണത്തിന് 2010-11 വർഷത്തിൽ എന്തു തുക നീക്കിവച്ചിരുന്നു;

(ബി) ഈ തുക മുഴുവനും ചെലവഴിച്ചോയെന്ന് വ്യക്തമാക്കുമോ;

(സി) 2011-12 വർഷത്തിൽ ഈ കാര്യത്തിലേക്ക് എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ തുക ഈ വിഷയത്തിന് മാറ്റി വയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ വികസനം

1687 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിനായി സർക്കാർ ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ നടപടികൾ എപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; സ്ഥലം ഏറ്റെടുക്കലും നഷ്ടപരിഹാര വിതരണവും എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഇപ്പോൾ നടപ്പിലാക്കുന്നതെന്നും ഇതിനായി എന്തു തുക വീതം നീക്കിവച്ചിരിക്കുന്നുവെന്നും അറിയിക്കാമോ ;

(ഡി) തുറമുഖത്തിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂര്‍ തുറമുഖ വികസനം</u>

1688 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബേപ്പൂര്‍ തുറമുഖ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വികസന പ്രവൃത്തി എപ്പോള്‍ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്‍ സ്ഥാപിക്കുന്ന പ്രത്യേക വാര്‍ഫിന്റെ പ്രവൃത്തി ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് സര്‍ക്കാരിന് അറിയാമോ; എങ്കില്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പുന്നപ്രയിൽ ഹാർബർ നിർമ്മാണം</u>

1689 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
എക്സൈസും തുറമുഖവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്രയിൽ ഹാർബർ നിർമ്മാണത്തിനുള്ള സാധ്യതാ പഠനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എന്നാണ് ഇതിന്റെ ഉത്തരവിറക്കിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏത് അതോറിറ്റിയെയാണ് പഠനത്തിന് നിയോഗിച്ചിട്ടുള്ളത്; എന്തു തുകയാണ് ഇതിനായി അനുവദിച്ചിരിക്കുന്നത്;

(സി) പഠന റിപ്പോർട്ട് ലഭ്യമായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വിമാനത്താവളങ്ങളുടെയും വിമാന സർവ്വീസുകളുടെയും വികസനം</u>

1690 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും വിമാന സർവ്വീസുകളുടെയും വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വിമാന സർവ്വീസുകൾ വേണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രാലയം അനുമതി നൽകിയിരുന്നുവോ; 1ശദാംശങ്ങൾ എന്തെല്ലാം;

(ഡി) കേരളത്തിലേക്ക് കൂടുതൽ വിമാനങ്ങൾ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം</u>

1691 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് എത്ര ഏക്കർ സ്ഥലം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) അതിൽ എത്ര ഏക്കർ സ്ഥലം ഇതിനകം ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിമാന ത്താവള വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വിമാനത്താവള നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ?